പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 388 02.12.2014-ൽ മറുപടിയ്ക്ക്

# കുന്നംകുളം കെ. എസ്. ഇ. ബി. ഡിവിഷൻ ആഫീസിനു കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

ചോദ്യം

ശ്രീ. ബാബു. എം. പാലിശ്ശേരി :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വോൾട്ടേജ് ഇംപ്രൂവ്മെൻറ് പദ്ധതിയുമായി ബന്ധപ്പെട്ട് കുന്നംകുളം കെ. എസ്. ഇ. ബി. ഡിവിഷൻ ആഫീസിനു കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണ് ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

(ബി) ഏതെല്ലാം പ്രദേശത്താണ് ഇനിയും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത് ; ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) കുന്നംകുളം കെ.എസ്.ഇ,ബി. ഡിവിഷൻ ആഫീസിനു കീഴിലുള്ള സെക്ഷനുകളിൽ 25 കിലോമീറ്റർ 11 കെ.വി. ലൈൻ, 64 ട്രാൻസ്ഫോർമർ, 208 കിലോമീറ്റർ എൽ.റ്റി. റീകണ്ടക്ടറിംഗ്, 9.5 കിലോമീറ്റർ എച്ച്.റ്റി. റീകണ്ടക്ടറിംഗ്, 107 കിലോമീറ്റർ കൺവർഷൻ പ്രവൃത്തികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 6.16 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) കുന്നംകുളം ഡിവിഷനു കീഴിലുള്ള പോർക്കളൻകാട്, ഇയ്യാൽ, കടവല്ലൂർ, അയിനൂർ, തൊഴിയൂർ, മന്ദലാംകുന്ന്, കൊച്ചന്നൂർ, അയിനിപ്പാറ, പുത്തൂർ, കുറുമാൽ, പുത്തനങ്ങാടി, ചൊവ്വല്ലൂർപ്പടി, മാമബസാർ, വഞ്ചിക്കടവ്, അഞ്ചങ്ങാടി തുടങ്ങിയ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ടി പ്രദേശങ്ങളിൽ വോൾട്ടേജ്/സിസ്റ്റം ഇംപ്രൂവ്മെൻറ് വർക്കുകളിലായി 16 കിലോമീറ്റർ 11 കെ.വി. ലൈൻ, 34 ട്രാൻസ്ഫോർമർ, 164 കിലോമീറ്റർ എൽ.റ്റി. റീകണ്ടക്ടറിംഗ്, 4 കിലോമീറ്റർ എച്ച്.റ്റി. റീകണ്ടക്ടറിംഗ്, 24 കിലോമീറ്റർ കൺവർഷൻ എന്നീ പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 3.52 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.